രുവനന്തപുരത്തുള്ള ന. ം വിട്ടകം ഒഴിച്ചുള്ള എല്ലാ ഭവനങ്ങളിലും ആം പാർ പ്പ് തുടങ്ങി.

Sri. P. Balakrishnan Tampi: May I know whether it cannot be arranged that this question will be answered by the Minister every day? (Laughter.)

(No. answer.)

ഫിഷറി ഇൻസ്പെക്ടറന്മാർ

*ക ൨ ം ം (ക ക) **ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്:** താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജനത്തിനു മുൻപേ തിരുവിതാംകൂറിൽ എത്ര ഡിവിഷൻ ഫിഷറി ഇൻസ്പെക്ടറന്മാർ ഉണ്ടായിരുന്നു ;

(ബി) കൊച്ചിയിൽ, ഡിവിഷൻ ഫിഷറി ഇൻസ്പെക്ടറന്മാർ ഉണ്ടായിരുന്നോ;

(സ.) ഇപ്പോൾ തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ എത്ര ഡിവിഷൻ ഫിഷറി ഇൻസ്പെക്ടറന്മാർ ഉണ്ട്;

(ഡി) അവരിൽ പഴയ കൊച്ചിപ്രദേശത്തു് എത്രപേർ; തിരുവിതാംകൂർ പ്രദേശത്തു എത്രപേർ;

(ഇ) ഫിഷറി ഇൻസ്പെക്ടർ ഉദ്യോഗത്തിനു ഗവൺമെൻറ നിശ്ചയിച്ചിരിക്കുന്ന പരീക്ഷായോഗ്യത എന്താണു് ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ന ഫിഷറി ഇൻസ്പെക്ടറന്മാർ.

(ബി) ഉണ്ടായിരുന്നു.

(സി) വ പേർ.

(ഡി പഴയ കൊച്ചിപ്രദേശത്തു അഞ്ചും, തിരുവിതാംകൂർ പ്രദേശത്തു് മൂന്നും.

(ഇ) ബി. എ. ഡിഗ്രിയും, ഫിഷറി പരിശീലനവും.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: കൊച്ചിപ്രദേശത്തു അഞ്ചും, തിരുവിതാംകൂർ പ്രദേശത്തു മൂന്നും ഇൻസ്പെക്ടറന്മാർ ആകാൻ കാരണമെന്താണു് ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇവിടത്തെ ഫിഷറീസ് ആദ്യം യൂണിവേഴ്സിറ്റിയുടെ കീഴിലായിരുന്നു. കൊച്ചിയിൽ ഫിഷറീസ് ഫിഷറി ഡിപ്പാർട്ടുമെൻറിൻെറ കീഴിലായിരുന്നു. ഇപ്പോൾ ഇവിടത്തെ ഫിഷറീസും ഫിഷറി ഡിപ്പാർട്ടുമെൻറിൻെറ കീഴിലാക്കിയിട്ടുണ്ടു്. ഇതു് റിആഗ്രനൈസു ചെയ്തു് കരേ ലവലിൽ കൊണ്ടുവരുവാൻ പോകുകയാണു്.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: കൊച്ചി ഡിവിഷനിൽ ഇവടത്തേക്കാൾ കൂടുതൽ ഇൻസ്പക്ടറന്മാർ ആകാൻ പ്രത്യേക കാരണം വല്ലതുമുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു മാറുവാൻ പോകുകയാണു്. അവിടെ ഇ ഇൻസ്പക്ടറന്മാർ വരുവാനുള്ള കാരണമാണു് ഞാൻ മുമ്പു പറഞ്ഞതു്. തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ കുറെ ഡിവിഷൻസായിട്ടു് തിരിച്ചു് ഫിഷറി ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ ഫിഷറി ഡവലപ്പുമെൻറ സ്കീം നടപ്പിൽ വരുത്തുവാനാണു് ഗവർമ്മെൻറ് നിശ്ചയിച്ചിരിക്കുന്നതു്. അപ്രകാരം റീ ആഗ്രനൈസ് ചെയ്യുമ്പോൾ രണ്ടു സ്ഥലത്തും ഒരേ ലവലിൽ വരുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. പാച്ചുപിള്ള: ഫിഷറി സിഗ്രിയെ സംബന്ധിച്ചുള്ള പരിശീലനം തിരുവിതാംകൂർ യൂണിവേഴ്സിറ്റിയിൽ കൊടുക്കുന്നുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ലെന്നാണ് എന്റെ അറിവ്.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ഇതുകൂടി ഫിഷറി ഇൻസ്പെക്ടർമാരുടെ ആവശ്യമുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്. അതിൽ റവന്യൂ കളക്ഷൻ ചെയ്യുന്നതിനു ഇൻസ്പെക്ടർമാരുണ്ട്. വെൽഫയർ വർക്സിനു ഇൻസ്പെക്ടർമാരുണ്ട്. നൂൽ വിതരണത്തിനു ഇൻസ്പക്ടർമാരുണ്ട്. ഇങ്ങനെ പല കാര്യങ്ങളും ഇൻസ്പെക്ടർമാർ നടത്തേണ്ടതായിട്ടുണ്ട്.

ഫിഷറീസ് കാൺഫറൻസ് പ്രതിനിധികൾ

*൧൯൦൧ (൧൯) ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്രാസിൽ വച്ചു നടത്തപ്പെട്ട ഇൻഡോ പസഫിക്ക് ഫിഷറീസ് കാൺഫറൻസിലേയ്ക്ക് നമ്മുടെ ഗവർമ്മെൻറിന്റെ പ്രതിനിധിയായി ഡിപ്പാർട്ട്മെൻറ് നിർദ്ദേശിച്ചതാരെയാണ്;

(ബി) ആരെയാണ് അയച്ചത്;

(സി) ഇൻഡോനീഷ്യൻ ഫിഷറീസ് കൺവെൻഷനിൽ ഈ സംസ്ഥാനത്തെ പ്രതിനിധീകരിക്കാൻ ആരെയാണ് ഡിപ്പാർട്ടുമെൻറിൽനിന്നും ശുപാർശ ചെയ്തിട്ടുള്ളത്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ശ്രീ. പി. എം. ഗോകുലപാലമേനോൻ, ഇസ്പെക്ടർ ഓഫ് ഫിഷറീസ്.

(ബി) ശ്രീ. കെ. ഗോപിനാഥപിള്ള: അക്കൗണ്ടിംഗ് മറയിൻ ബയോളജിസ്റ്റ്.

(സി) ഇപ്പോൾ പറയുന്നതു ഉചിതമായിരിക്കയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു: ഒരാളെ നിർദ്ദേശിക്കുവാനും വേറൊരാളെ അയയ്ക്കുവാനും കാരണമെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ശ്രീ. ഗോകുലപാലമേനോനെ ഫിഷറി സൂപ്രണ്ട് റക്കമൻറു ചെയ്തു അയച്ചതാണ്. അദ്ദേഹത്തിന്റെ റക്കമൻറേഷൻ വരുന്നതിനുമുമ്പ് അതു യൂണിവേഴ്സിറ്റിയുടെ കീഴിലായിരുന്നതിനാൽ അവിടെനിന്നു ഒരാളെ അയയ്ക്കുകയാണ് ചെയ്തത്.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: ആ പ്രതിനിധി ഗവർമ്മെൻറിലേയ്ക്ക് ആ കാൺഫറൻസിൽ നടന്ന കാര്യങ്ങളെക്കുറിച്ചു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

*ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: അതിലെ പ്രധാനകാര്യങ്ങൾ എന്തെല്ലാമാണ്.

ശ്രീ. ടി. കെ. നാരായണപിള്ള: അതിൽ പല കാര്യങ്ങളുമുണ്ട്. അതിനു പ്രത്യേകം ഒരു ചോദ്യം ചോദിച്ചാൽ അതിലെ എല്ലാ കാര്യങ്ങളും പറയാം.

LIBRARY ARCHIVES Kerala Legislative Assembly